പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഡോ. എം.എ. കുട്ടപ്പൻ പി.എസ്.സി.യിൽ നിന്ന് ജോലി കിട്ടിയിരുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : പി.എസ്.സി.യിൽ നിന്ന് ജോലിയിലിരുന്നെങ്കിൽ അദ്ദേഹം എവിടെയോ എത്തുമായിരുന്നു, പക്ഷെ ആ ജോലി ഉപേക്ഷിച്ച് ഇവിടെ വന്നതാണ്. അതുപോലെ ഡോക്ടർ മുനീർ വളരെ സാധ്യതയുള്ള ഡോക്ടറാണ്. ഡോ. കെ.സി. ജോസഫ് നല്ലൊരു ഡോ. ആകുമായിരുന്നു. കാലിക്കട്ട് മെഡിക്കൽ കോളേജിൽ ആണ് അദ്ദേഹം പഠിച്ചത്. അന്നു മുതൽ ഞാൻ അദ്ദേഹത്തെ അറിയും, പക്ഷെ അവരൊക്കെ അത് ഉപേക്ഷിച്ചു, എത്രയോ ആളുകൾ ഡോക്ടർ പണിയും വക്കീൽ പണിയും ഉപേക്ഷിച്ച് രാഷ്ട്രീയത്തിൽ വന്നിട്ടുണ്ട്. ശ്രീ. ബാലൻ വൈദ്യരുടെ കാര്യം പറഞ്ഞാൽ അദ്ദേഹം പാരമ്പര്യ വൈദ്യനാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇവിടെ ശ്രീ. കെ.പി. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന്റെ വിശദീകരണത്തിനുവേണ്ടി ഞാൻ ചോദിക്കുകയാണ്. ഈ റാങ്കു ലിസ്റ്റിന്റെ കാലാവധി പലപ്പോഴും നീണ്ടുപോകുന്നു. ഒരു ഉദാഹരണം പറയാം, പോലീസിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ട് രണ്ടുവർഷമായി. റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ ഫോം ചെയ്ത് എം.എൽ.എ. മാർക്കൊക്കെ മെമ്മോറാണ്ടം അയച്ചിരിക്കുകയാണ്. അങ്ങനെയുള്ള കേസ് പരിശോധിച്ച് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പോലീസിൽ മാത്രമല്ല, ജോലികിട്ടാൻ താമസിക്കുന്നവരൊക്കെ അസോസിയേഷൻ ഉണ്ടാക്കിയിട്ടുണ്ട്, അത് താമസിക്കുന്നതുകൊണ്ട് മാത്രമല്ല അവരെ ഏത് പോസ്റ്റിലാണോ അഡ്വർടൈസ് ചെയ്തത് ആ പോസ്റ്റിലേക്ക് ഡിപ്പാർട്ടുമെന്റിൽ താഴത്തെ പോസ്റ്റിൽ നിന്ന് പ്രമോഷൻ വരുന്നു. അങ്ങനെ ഫിൽഅപ്പ് ചെയ്യുമ്പോൾ പിന്നെന്തിനാണ് ഞങ്ങളെ കഷ്ടപ്പെടുത്തിയത് എന്ന ചിന്താഗതിയിലാണ് പല റാങ്ക് ഹോൾഡേഴ്സും അസോസിയേഷൻ ഉണ്ടാക്കുന്നത്. ഇവരും ഉണ്ടാക്കിയിട്ടുണ്ട്, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് പരിശോധിച്ച് കാലതാമസം വരാതിരിക്കാൻ, റാങ്ക് ലിസ്റ്റ് ലാപ്സാകുന്നതിന് മുമ്പ് അതിൽനിന്ന് ആളെയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

3 (*153)ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പൂർണ്ണമായി പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇതിനകം ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.ക്കു വിട്ടതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത ഒരു വർഷത്തിനകം പുതുതായി ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനമാണ് പി.എസ്.സി.ക്ക് വിടാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പൂർണ്ണമായും പി.എസ്.സി.ക്ക് വിടുന്നതുമൂലം പി.എസ്.സി.യുടെ ജോലിഭാരം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) സംസ്ഥാനത്തെ നിലവിലുള്ള 110 പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ 96 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി.ക്ക് വിടുന്നതിന് നടപടി എടുത്തുവരികയാണ്. പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നവയും ഇനിയും പി.എസ്.സി.ക്ക് കൈമാറാനായി നിൽക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരു വിവരം യാഥാക്രമം അനുബന്ധം I ലും അനുബന്ധം II ലുമായി വച്ചിരിക്കുന്നു.†

(സി) 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം അടുത്ത ഒരു വർഷത്തിനകം പി.എസ്.സി.യുടെ പരിധിയിൽ വിടാൻ ഉദ്ദേശിക്കുന്നുണ്ട്. അവയുടെ പേരുവിവരം അനുബന്ധം III ആയി വച്ചിരിക്കുന്നു.†

(ഡി)&(ഇ) ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി.യുടെ പരിധിയിൽ ആയി കഴിഞ്ഞതിനാൽ ബാക്കിയുള്ള നിയമനങ്ങൾ കൂടി വരുന്നതുമൂലം പി.എസ്.സി.യുടെ ജോലി ഭാരം കാര്യമായി വർദ്ധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിയമനം പി.എസ്.സി.ക്ക് വിടണമെന്നത് ഒരു നിയമമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് വളരെ വേഗം പൂർത്തിയാക്കേണ്ടതാണ്. പി.എസ്.സി. നിയമനം നടത്തേണ്ട ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ സമയത്തിന് ആവശ്യമുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് കൊടുക്കാത്തതുകൊണ്ട്, ആവശ്യത്തിന് ജോലിക്കാരില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.എസ്.സി.യുടെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ആവശ്യത്തിന് ജീവനക്കാരെ സമയത്തിനുകൊടുക്കാൻ വേണ്ട സംവിധാനമുണ്ടാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഒഴിവുകൾ നിശ്ചയിക്കേണ്ടതും റിക്രൂട്ട്മെന്റിന് ആവശ്യപ്പെടേണ്ടതും ആ പൊതുമേഖലാ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡാണ്. ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനിച്ച് ഗവൺമെന്റിനെ അറിയിച്ചാൽ ഉടൻതന്നെ അതിനുള്ള തുടർനടപടികളിൽ

---

† അനുബന്ധം 3

†

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന് കാലതാമസം വരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതുമായിരിക്കും.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ബഹുമാനപ്പെട്ട മന്ത്രിക്ക് വളരെക്കൂടുതൽ അടുത്തറിയാവുന്ന കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പല സ്ഥലത്തും ബ്രാഞ്ചുകൾ തുടങ്ങണമെന്നു ഉദ്ദേശിച്ചിട്ടും ആവശ്യത്തിനു ജീവനക്കാരെ പി.എസ്.സി. സെലക്ട്ചെയ്ത് കൊടുക്കാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതുപോലെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സ്ഥാപനങ്ങളെ സഹായിക്കാൻ ഗവൺമന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് കിട്ടാൻ വേണ്ടി ഗവൺമെന്റ് നിരവധി തവണ പി.എസ്.സി. യുമായി ബന്ധപ്പെടുകയും അതിന്റെ ഫലമായി ലിസ്റ്റ് കിട്ടുകയും എണ്ണൂറോളം ആളുകളെ എടുക്കുകയും ചെയ്തു. ഒരു ഷോർട്ട് പീരീഡിൽ ഇത്രയധികം ആളുകളെ പി.എസ്.സി. ലിസ്റ്റിൽ നിന്നും എടുത്ത ചരിത്രം ഉണ്ടായിട്ടില്ല. മാത്രമല്ല ബ്രാഞ്ച് തുടങ്ങാൻ ആൾ ഇല്ലാത്തതു കൊണ്ടല്ല തുടങ്ങിയത്. ബ്രാഞ്ച് വല്ല ദിക്കിലും തുടങ്ങാൻ കാലതാമസം വരുന്നുണ്ടെങ്കിൽ അത് ഫീസിബിലിറ്റി സ്റ്റഡി ആവശ്യമായതുകൊണ്ടാണ്. ഒരു ബ്രാഞ്ച് അവിടെ ഫീസിബിളാണോ, അത് അവിടെ വർക്കു ചെയ്യുമോ എന്ന് ഫീസിബിളിറ്റി സ്റ്റഡി നടത്താതെ ഇതെല്ലാം വാരിവിതറിയാൽ കെ.എസ്.എഫ്.ഇ. കൂടുതൽ കുഴപ്പത്തിലാകും. കഴിയുന്നത്ര സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൊണ്ടു വരാനാണ് ലാഭത്തിൽ നടക്കുന്ന കെ.എസ്.എഫ്.ഇ. തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : മുൻകാലങ്ങളിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വളരെ പ്രസിദ്ധമായ നല്ല ഫുട്ബോൾ ടീം ഉൾപ്പെടെയുള്ള ടീം ഉണ്ടായിരുന്നു. കെൽട്രോൺ, ടൈറ്റാനിയം, കെ.എസ്. ഇ.ബി., കെ.എസ്.ആർ.ടി.സി. എന്നിവയിലും ഫാക്ടിലും ഉണ്ടായിരുന്നു. ഈ ടീമുകളൊക്കെ ഇന്ന് യഥാർത്ഥത്തിൽ പഴയ ടീമിന്റെ നിഴലായിട്ട് നിൽക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ ഫുട്ബോൾ ഉൾപ്പെടെയുള്ള കളി പ്രോൽസാഹിപ്പിക്കാനും രാജ്യത്താകെ അംഗീകാരം ഉള്ള ടീമിനെ വാർത്തെടുക്കാനും ഈ മേഖലയിൽ മുമ്പ് ചെയ്തതുപോലെ പ്രഗൽഭമതികളായ ചെറുപ്പക്കാരെ കളിക്കാരായി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ പൊതുമേഖലാ സ്ഥാപനങ്ങൾ അതിനുവേണ്ടി ശ്രമിക്കണമെന്നുള്ളത് ശരിയാണ്. ഇവിടത്തെ സ്പോർട്സ്മെൻ, അത്ലറ്റിക്സ് as well as കളികളിൽ ഫുട്ബോളോ, ക്രിക്കറ്റോ, ഹോക്കിയോ, വോളിബോളോ ഏതിലാണ് പ്രാവീണ്യം അവരെ കേരളത്തിൽ നില നിർത്താൻ നമുക്ക് സാധിക്കുന്നില്ല. ഫുട്ബോൾ പ്രത്യേകിച്ച് ഇവിടെ ഒരു ഫുട്ബോൾ ടീം ഉണ്ടാക്കിയാൽ കൽക്കട്ടയിലെ ക്ലബ്ബുകൾ റാഞ്ചിക്കൊണ്ടു പോകുകയാണ്. ലക്ഷങ്ങളാണ് അവർക്ക് കൊടുക്കുന്നത്. എന്നിട്ടും കേരളത്തെ വിടുകയില്ല; എന്നു പറഞ്ഞുകൊണ്ട് ഐ.എം.വിജയനെപ്പോലുള്ള ആളുകൾ ഇവിടെ വർക്ക് ചെയ്യുന്നു. ആ ആളുകളെ കമ്പനി എടുത്തിട്ട് നല്ല പ്രോൽസാഹനം കൊടുത്ത് നിർത്തേണ്ടതാണ്. വളരെയധികം മൽസര മംഗമാണിത്. ഇപ്പോൾ കൽക്കട്ട നല്ല ടീമിനെ എടുത്തിട്ട് ലക്ഷക്കണക്കിന് രൂപ കൊടുക്കുകയും ഒരു പ്രമുഖ സ്ഥാപനത്തിൽ സ്ഥിരമായ ഒരു ജോലി

LIBRARY ARCHIVES Kerala Legislative Assembly

വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഇത് രണ്ടും കൂടിയാണ്. നമ്മുടെ അത്‌ലറ്റിക്സിനെ ഇവിടെ നിർത്താൻ പറ്റില്ല. റോസക്കുട്ടി ഇപ്പോൾ എവിടെയാ? നമ്മുടെ കളിക്കാരെ ഇവിടെ നിർത്താൻ പറ്റുന്നില്ല. അവരെ നിലനിർത്താൻ പ്രത്യേകമായ സംവിധാനവും പ്രോൽസാഹനവും പ്രചോദനവും കൊടുക്കാതെ അവർ ഇവിടെ നിൽക്കണമെന്ന് പറയുന്നതും അവരോട് രാജ്യസ്നേഹം കാണിക്കണമെന്നു പറയുന്നതും ശരിയല്ല. ഏതായാലും ഈ പോയിന്റ് വളരെ ഗൗരവബുദ്ധിയോടുകൂടി നമ്മുടെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സെങ്കിലും എടുക്കണം. അതിനുവേണ്ട കാര്യങ്ങൾ, അതിന്റെ നാനാവശങ്ങളും പരിശോധിച്ചതിനുശേഷം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴിവുണ്ടാക്കുകയും പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ചെയ്ത് വർഷങ്ങൾ കാത്തിരിക്കേണ്ട ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതിന് ഒരു നിശ്ചിത കാലയളവിനുള്ളിൽ ലിസ്റ്റ് കിട്ടണം എന്നുള്ള ഒരു നിബന്ധന ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഒരു ലിസ്റ്റ് കാലാവധി കഴിയുന്നതിനു മുമ്പ്തന്നെ സെക്കന്റ് ലിസ്റ്റ് അതിന്റെ തുടർച്ചയായിട്ട് വരികയാണ് വേണ്ടത്. എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് വേരിയസ് ഡിപ്പാർട്ട്മെന്റിലെ ക്ലർക്കസ്, ഗ്രേഡ് ജീവനക്കാർ എന്നിങ്ങനെയുള്ള ലിസ്റ്റുകൾ വരുന്നുണ്ട്. പക്ഷേ അതിനൊരു കാലാവധി specific dead line നിർണ്ണയിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതാണ് പെർഫെക്ഷൻ. അതിലെത്താൻ വളരെ ശ്രമകരമാണ്. അതിനുവേണ്ടി ഗവൺമെന്റ് പരമാവധി യത്നിക്കുന്നതാണ്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർക്കാർ ധനസഹായം നൽകുന്ന എല്ലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ സർക്കാർ തലത്തിൽ നടത്തുകയെന്നുള്ളത് ധാർമ്മികമായ ഉത്തരവാദിത്വമാണ്. അതുകൊണ്ട് സർക്കാർ എയിഡഡ് സ്കൂളടക്കം എല്ലാ സ്ഥാപനങ്ങളിലേക്കുമുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : എയ്ഡഡ് സ്കൂളിലെ നിയമനം പി.എസ്.സി.ക്ക് വിടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. കാരണം അതിന്റെ സോഷ്യൽ പ്രോബ്ലംസും മറ്റു വശങ്ങളും കേരളാ എഡ്യൂക്കേഷൻ റൂളിലെ 11-ാം വകുപ്പ് അനുസരിച്ചാണ് ചെയ്യുന്നത്. Queens Council, Britto വാദിച്ച കേസാണ് 11-ാം വകുപ്പിൽ പറയുന്നത്. പി.എസ്.സി. ലിസ്റ്റ് ഉണ്ടാക്കണമെന്നും ആ ലിസ്റ്റിൽ നിന്ന് മാനേജ്മെന്റിന് ആളുകളെ നിയമിക്കാമെന്നും അതിൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിക്കുമെന്നുമാണ്. ആ 11-ാം വകുപ്പ് സുപ്രീം കോടതിയുടെ ഫുൾ ബഞ്ചും ശരിയാണെന്ന് പറഞ്ഞിട്ടുണ്ട്. Queens Council, Britto വാദിച്ചതിനുശേഷം ആ നിയമം എടുത്തു കളഞ്ഞു. അതിന്റെ രാഷ്ട്രീയ വശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. 11-ാം വകുപ്പ് കാഷ് ചെയ്തിട്ടില്ല. It was clear അവിടെയാണ് ഡിഫറൻസ്. It is the right എന്നു പറഞ്ഞു. പക്ഷേ പിന്നീട് വന്ന ഗവൺമെന്റ് അത് അമന്റ് ചെയ്തു. By Act (1) of 1960. ഇനി അത് പി.എസ്.സി.ക്ക് വിടണോ വേണ്ടയോ എന്നുള്ളത് എല്ലാ വശങ്ങളും ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ലാഘവ ബുദ്ധിയോടുകൂടി ചിന്തിക്കേണ്ട കാര്യം അല്ല. ഇപ്പോൾ ഗവൺമെന്റ് അജൻഡയിൽ അങ്ങനെയൊരു കാര്യം ചർച്ചക്ക് വന്നിട്ടില്ല, ഗവൺമെന്റിന്റെ പരിഗണനയിലുമില്ല. പരിഗണനയ്ക്കു വന്നുകൂടായ്കയില്ല. പക്ഷേ വന്നിട്ടില്ല. ഇപ്പോഴത്തെ പൊസി

LIBRARY ARCHIVES Kerala Legislative Assembly

ഷൻ വച്ച് ഇന്നുവരെ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി അങ്ങനൊരു നിർദ്ദേശം വന്നിട്ടില്ല. ഗവൺമെന്റ് അതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുമില്ല.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന പരാതി ഉണ്ട്. അതുപോലെ പി.എസ്.സി. പരീക്ഷകഴിഞ്ഞശേഷം പരീക്ഷാ പേപ്പർ പുന:പരിശോധിക്കണം തുടങ്ങിയ ആവശ്യങ്ങളും വരുന്നുണ്ട്. ഇത്തരം പരാതികൾ പരിശോധിക്കുന്നതിനും പി.എസ്.സിയുടെ പ്രവർത്തനം കുറെക്കൂടി വീകേന്ദ്രീകരിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കേന്ദ്രങ്ങളുടെയും പ്രവർത്തനം സജ്ജമാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇപ്പോഴും ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റ് ബോർഡ് തന്നെയാണ് ജില്ലാ തലത്തിലുള്ള റിക്രൂട്ട്മെന്റ് നടത്തുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച താമസവും അപാകതകളും പോരായ്മകളുമൊക്കെയുണ്ട്. അതുതന്നെയാണ് അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ചൂണ്ടിക്കാണിച്ചത്. അതിന് മറുപടി ഞാൻ പറഞ്ഞതാണ്. പോരായ്മകളുണ്ട്, കോട്ടങ്ങളുണ്ട്, വീഴ്ചകളുണ്ട്. അതു പൂർണമായി പരിഹരിക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിച്ചുകൊണ്ടിരിക്കയാണ്. പരാതിയില്ലാതിരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

ശ്രീ. എം.പി. വർഗ്ഗീസ് : പൊതുമേഖലാ സ്ഥാപനങ്ങളിൽ സീനിയർ എക്സിക്യൂട്ടീവുകളെ നിയമിക്കുന്നതിനുള്ള നടപടിക്രമം എന്താണ്? അതിന്റെ മാനദണ്ഡമെന്താണ്? ആ നിയമന നടപടികൾ പി.എസ്.സി.ക്ക് വിടുന്നതിനെപ്പറ്റി ആലോചിക്കാമോ?

ശ്രീ. ടി. ശിവദാസമേനോൻ : സീനിയർ എക്സിക്യൂട്ടീവുകളെ പി.എസ്.സി. നിയമിക്കേണ്ടതിന്റെ മാനദണ്ഡത്തിന് പ്രത്യേക ചോദ്യമില്ലാതെ മറുപടി പറയാൻ കഴിയില്ല. കമ്പ്യൂട്ടറൈസേഷനാണ് ചോദ്യവിഷയം. എന്നിരുന്നാലും അങ്ങോട്ടുമിങ്ങോട്ടുമായാലും ചോദിച്ചുപോകും. ഈ കാര്യത്തിൽ സീനിയർ എക്സിക്യൂട്ടീവിനെ പി.എസ്.സി. നിയമിക്കുമ്പോൾ അപ്പോയിന്റ്മെന്റിന്റെ Yard Stick-എന്താണെന്നതിനുള്ളതിന്റെ ഫയൽ എന്റെ കയ്യിൽ ഇല്ല.

ശ്രീ. എം.പി. വർഗ്ഗീസ് : പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെയും പി.എസ്.സി. വഴിയല്ലാതെയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തി ആ തൊഴിലാളികൾ കോടതിയിൽ പോകുകയും അങ്ങനെ സ്ഥിരപ്പെടുത്തുന്ന ഒരു അവസ്ഥാവിശേഷം നിലവിലുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന നടപടി ഇപ്പോൾ നിലവിലുണ്ടോ; അത് അവസാനിപ്പിക്കാനുള്ള ഒരു നിയമ നടപടി നടപ്പാക്കാൻ കഴിയുമോ?

ശ്രീ. ടി. ശിവദാസമേനോൻ : കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തേണ്ടിവരുന്നത് അതിന്റെയെല്ലാം തായ്വേർ പി.എസ്.സി.യുടെ പ്രവർത്തനത്തിൽ വരുന്ന കാലതാമസവും ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച കുറ്റങ്ങളും കുറവുകളും തന്നെയാണ്. ചിലപ്പോൾ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഇഫക്ടീവ് ഫംഗ്ഷനിംഗിനുവേണ്ടിയും commission -ന്റെ countdown schedule- ശരിയാക്കുവാൻവേണ്ടിയും കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തേണ്ടി വരും. പക്ഷേ ആ കോൺട്രാക്ട് അപ്പോയിന്റ്മെന്റ് കഴിയുന്നത്ര ഇല്ലായ്മ ചെയ്യുക എന്നാണ് ഗവൺമെന്റിന്റെ നയം. നിവൃത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്ത സാഹചര്യത്തിൽ മാത്രം കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തുക. അങ്ങനെ കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തിയാൽ ആ കോൺട്രാക്ട് പിരീഡ് കഴിഞ്ഞാൽ പിന്നിട് അവർക്ക് സ്ഥിരാവകാശപ്പെടാൻ നിർവ്വാഹമി ല്ലാത്ത രീതിയിൽ നടത്തുന്നതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. ടി.എം. ജേക്കബ് : കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒരു കോടി അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. ഈ ഒരുകോടി അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അഡീഷണലായി കുറച്ചു സ്റ്റാഫിനെ പി.എസ്.സി. ഓഫീസിലേക്ക് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ഒബ്ജക്ഷനുണ്ട്. ആ ഒബ്ജക്ഷൻ ക്ലിയർ ചെയ്യുന്നതിന് എന്തെങ്കിലും സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : വളരെക്കാലം മന്ത്രിയായിരുന്ന ബഹുമാ നപ്പെട്ട മെമ്പർക്ക്തന്നെ അറിയാം. ഫിനാൻസ് വകുപ്പിലേക്ക് കാശ് ചെലവാ ക്കാനുള്ള നിർദ്ദേശം വന്നാൽ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ ജോലി എങ്ങനെ ഇത് ചെലവാക്കാതിരിക്കാമെന്നുള്ളതാണ്. ഇതു ദൈവ വാക്യമല്ല. ഫൈനൽ വേർഡുമല്ല, ഗവൺമെന്റ് നയപരമായ പൊളിറ്റിക്കൽ ഡിസിഷൻ എടുത്താൽ ഫിനാൻസ് സെക്രട്ടറിക്ക് ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രസ്റ്റിലോ, യത്തീം ഖാനയിൽ ചെയ്യുന്നതുപോലെയോ സൗജന്യമായി ചെയ്ത്തക്ക നിർദ്ദേശമല്ല കൊടുത്തിട്ടുള്ളത്. ഗവൺമെന്റിന്റെ ചട്ടക്കൂട്ടിൽ ഒതു ങ്ങിനിന്നുകൊണ്ട് വെയ്സ് ആന്റ് മീൻസ് നോക്കി ചെലവു ചെയ്യേണ്ടത് ഫിനാൻസ് സെക്രട്ടറിയുടെ ജോലിയാണ് അത് അദ്ദേഹത്തിനറിയാം. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം മറികടന്ന് പലപ്രാവശ്യം ഗവൺമെന്റ് തീരുമാനമെടുക്കുകയും ചെയ്യും. ആ ഒബ്ജക്ഷൻ അവിടെ കിടക്കും. പോപ്പുലറാണെന്ന് ഗവൺമെന്റിനു തോന്നിയാൽ ഗവൺമെന്റ് ചെയ്യുകയും ചെയ്യും.

ഉത്തരത്തിലെ തിരുത്ത്

മി.സ്പീക്കർ : ഓർഡർ... ഓർഡർ... ഉത്തരത്തിലുള്ള തിരുത്ത്.

ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി.സി. കബീർ : സർ, 20.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത 867.868 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരുന്നു.† തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ സൗകര്യങ്ങൾ

4 (*154)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം-4

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

28-2-2000 ത്തിലെ വാങ്മൂലം നൽകിയ ചോദ്യം നമ്പർ 3(*153) ന്റെ ഉത്തരം കാണുക

നിയമനം പി.എസ്.സി.ക്ക് കൈമാറിയ പൊതുമേഖലാ സ്ഥാപനങ്ങൾ

Sl.No.	Name of Public Sector Undertakings.
1.	The Kerala State Industrial Development Corporation Limited.
2.	The Plantation Corporation of Keral Limited
3.	The Kerala State Small Industries Development Corporation Limited.
4.	The Kerala Fisheries Corporation Limited.
5.	The Trivandrum Spinning Mills Limited.
6.	The Trivandrum Rubber Works Limited.
7.	The Kerala Soaps and Oils Limited.
8.	The Kerala Ceramics Limited.
9.	The Travancore Plywood Industries Limited.
10.	The Kerala Premo Pipe Factory Limited.
11.	The Electrical and Allied Engineering Company Limited.
12.	The Kerala Tourism Development Corporation Limited.
13.	The Handicrafts Development Corporation of Kerala Limited.
14.	The Kerala State Cashew Development Corporation Limited.
15.	The Travancore Cochin Chemicals Limited.
16.	The Transformers and Electricals Kerala Limited.
17.	The Agro Industries Corporation Limited.
18.	The Travancore Titanium Products Limited.
19.	The Traco Cable Company Limited.
20.	The United Electrical Industries Limited.
21.	The Forest Industries Travancore Limited.
22.	The Chalakkudy Refractories Limited.
23.	Kerala State Financial Entreprises Limited.
24.	Kerala Urban Development Finance Corporation Limited.
25.	The Kerala Minerals and Metals Limited.
26.	The Kerala Land Development Corporation Limited
27.	The Kerala State Drugs and Pharmaceuticals Limited.
28.	The Kerala State Electronics Development Corporation Limited.
29.	The Kerala State Industrial Enterprises Limited.

LIBRARY ARCHIVES Kerala Legislative Assembly

30. The State Farming Corporation of Kerala Limited.
31. Kerala Forest Development Corporation Limited.
32. The Travancore Sugars & Chemicals Limited.
33. The Steel Industries Kerala Limited.
34. The Kerala State Civil Supplies Corporation Limited.
35. The Kerala State Development Corporation for SC and ST Limited.
36. The Kerala State Construction Corporation Limited.
37. The Overseas Development and Employment Promotion Consultants Limited.
38. The Kerala State Film Development Corporation Limited.
39. The Kerala State Engineering Works Limited.
40. The Kerala Fishermen's Welfare Corporation Limited.
41. The Pharmaceuticals Corporation (IM) Kerala Limited.
42. The Kerala State Coconut Development Corporation Limited.
43. The Kerala State Development Corporation for Christian Converts from Sc and Recommended Communities Limited.
44. The Kerala State Industrial Products Trading Corporation Limited.
45. The Kerala State Wood Industries Limited.
46. The Kerala State Beverages (M & M) Corporation Limited.
47. The Kerala Agro Machinery Corporation Limited.
48. Keltron Counters Limited.
49. Keltron Electro Ceramics Limited.
50. Keltron Crystals Limited.
51. Keltron Magnetics Limited.
52. Keltron Resistors Limited.
53. Keltron Power Devices Limited.
54. Keltron Rectifiers Limited.
55. Keltron Component Complex Limited.
56. Sidkel Televisions Limited.
57. The Metal Industries Limited.
58. Steel Complex Limited.
59. Astral Watches Limited.
60. Kerala Automobiles Limited.
61. Sidco Mohan Kerala Limited.
62. Steel and Industrial Forgings Limited.
63. Autokast Limited.

LIBRARY ARCHIVES Kerala Legislative Assembly

64. Kerala Construction Components Limited.
65. Kerala State Detergents and Chemicals Limited.
66. Kerala State Salicylates and Chemicals Limited.
67. Malabar Cements Limited.
68. Kerala State Coir Corporation Limited.
69. Travancore Cements Limited.
70. Kerala State Textiles Corporation Limited.
71. Kerala Garments Limited.
72. Sitaram Textiles Limited.
73. The Metropolitan Engineering Company Limited.
74. The Kerala Clays and Ceramics Products Limited.
75. Kerala Special Refractories Limited.
76. Kerala State Bamboo Corporation Limited.
77. Meat Products of India Limited.
78. Oil Palm India Limited.
79. Kerala State Handloom Development Corporation Limited.
80. Foam Mattings (India) Limited.
81. Kerala State Handicapped Persons' Welfare Corporation Limited.
82. Kerala Inland Fisheries Development Corporation Limited.
83. Kerala Artisans Development Corporation Limited.
84. Kerala School Teachers and Non-Teaching Staff Welfare Corporation Limited.
85. Kerala State Palmyrah Products Development and Workers Welfare Corporation Limited.
86. Scooters Kerala Limited.
87. Kerala Shipping and Inland Navigation Corporation Limited.
88. Kerala Livestock Development Board Limited.
89. Kerala Financial Corporation Limited.
90. The Kerala State Warehousing Corparation Ltd.
91. The Kerala Khadi & Village Industries Board.
92. The Kerala Water Authority.
93. Kerala State Road Transport Corporation Limited.
94. Kerala State Electricity Board.
95. Kerala State Housing Board.
96. Kerala State Rural Development Board.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

നിയമനം പി.എസ്.സി.യ്ക്ക് കൈമാറാനുള്ള സ്ഥാപനങ്ങൾ

1. The Kerala State Horticulture Products Development Corporation Limited.
2. Kerala Industrial Infrastructure Development Corporation Limited.
3. Kerala State Women's Development Corporation Limited.
4. Kerala Hitech Industries Limited.
5. The Rehabilitation Plantation Limited.
6. Kerala State Backward Classes Development Corporation Limited.
7. Kerala State Maritime Development Corporation Limited.
8. Bakel Resorts Development Corporation Limited.
9. Kerala State Mineral Development Corporation Limited.
10. Kerala State Poultry Development Corporation
11. Tourist Resorts (Kerala) Limited.
12. Kerala Police Housing & Construction Corporation Limited.
13. Kerala Transport Development Finance Corporation Limited.
14. Kerala Feeds Limited.

പി.എസ്.സി.യുടെ പരിധിയിൽ വിടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

1. Kerala State Horticulture Products Development Corporation Limited.
2. Kerala State Women's Development Corporation Limited.
3. Kerala Hitech Industries Limited.
4. Kerala State Backward Classes Development Corporation Limited.
5. Kerala State Maritime Development Corporation Limited.
6. Bekal Resorts Development Corporation Limited.
7. Kerala State Poultry Development Corporation Limited.
8. Kerala Transport Development Finance Corporation Limited.
9. Kerala Feeds Limited.

അനുബന്ധം - IV

20.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത 867,868 എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിലെ തിരുത്ത്.

അർദ്ധ ഔദ്യോഗിക കത്ത് നമ്പർ.55092/E2/99/ആകുവ.

പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ പബ്ലിക് ഹെൽത്ത് ലാബുകൾ എന്ന വിഷയത്തെ സംബന്ധിച്ച നക്ഷത്രചിഹ്നമിടാത്ത 867-ാം നമ്പർ ചോദ്യത്തിന് 20.12.1999-ൽ നിയമസഭയ്ക്കു് ഞാൻ നൽകിയ മറുപടിയിലേയ്ക്കു് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയവുമായി

LIBRARY ARCHIVES Kerala Legislative Assembly